ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

വിൽപനനികുതി ആക്ട് മൂന്നാം വകുപ്പനുസരിച്ചു പുകയിലയും പുകയില കൊണ്ടു് ഉണ്ടാക്കപ്പെട്ടന്ന സാധനങ്ങളും വിൽപനനികുതിക്കു വിധേയമാണ്. ടി സാധനങ്ങൾ കച്ചവടം ചെയ്യുന്നവർ അവരുടെ ഒരാണ്ടത്തെ മൊത്തം വിൽപനത്തുകയിൽ രൂപാക്കു് മുന്ന പൈസാവീതം വിൽപനനികുതി കൊടുക്കേണ്ടതാണു്. ഒരു കച്ചവടക്കാരന്റെ ഒരാണ്ടത്തെ മൊത്തം വിൽപനത്തുക പതിനായിരം രൂപയിൽ കുറയുന്നപക്ഷം ആയാണ്ടത്തേക്കു അയാൾ വിൽപനനികുതി കൊടുക്കേണ്ടയാവശ്യമില്ല.

എറണാകുളം ആലുവാലൈൻ

* ൭ ൈ. (൪൫) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

എറണാകുളം ആലുവാബസ്സും സർവ്വീസിലേയ്ക്കു് എടുക്കുവാൻ ആലോചനയുണ്ടോ?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ൪. ജാൺ ഫിലിപ്പോസ്):

ഏറെറടുക്കുവാൻ തല്ക്കാലം ആലോചിച്ചിട്ടില്ല.

ഗ്രാൻറ് ലോൺ

* ൭ ൭ ൪. (൪ ഫ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട അപ്പലിഫ്റ്റ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചങ്ങനാശ്ശേരി താലൂക്കിൽചേന്ന കങ്ങഴ ടി ജെയരോഡതടേയിഡിംഗ് കമ്പനി പിന്നോക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറിൽനിന്നും ഒരു ലോൺഗ്രാൻറ് ആവശ്യപ്പെട്ട മെമ്മൊറിയൽ ബോധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മെമ്മോറിയൽ സംബന്ധിച്ചു് എന്തു നടപടികൾ കൈക്കൊണ്ടു?

വ്യവസായവും എക്സൈസും പ്രദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഇല്ല.

(ബി) എ. ഉപചോദ്യത്തിന്റെ ഉത്തരംകൊണ്ടു് ഇതു് ഉദിക്കുന്നില്ല.

ഹരിജൻ കിളനി

൭ ൭ ൫. (൪ ഡ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട അപ്പലിഫ്ട് വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ.—

(എ) ചങ്ങനാശ്ശേരിതാലൂക്കിൽ എരുമേലി പകുതിയിൽ എരുമേലിടൗണിനു സമീപം ഹരിജനങ്ങൾക്കുവേണ്ടി ഒരു കോളനി സ്ഥാപിച്ചു് സഹായിക്കുന്നതിനുള്ള നിവേദനവും ഹർജിയും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിലും ഹർജിയിലും എന്തു നടപടി കൈക്കൊണ്ടു?

LIBRARY ARCHIVES Kerala Legislative Assembly